# കേരള സർക്കാർ

## ജലസേചന വകുപ്പ്

### ദർഘാസ്/പുനർ ദർഘാസ് പരസ്യം

നമ്പർ. ഡി1-ടെണ്ടർ/2019 തിയ്യതി:15.02.2019.

കേരള ഗവർണർക്കുവേണ്ടി കുറ്റ്യാടി ജലസേചന പദ്ധതി വടകര സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള ജലസേചന വകുപ്പിലോ പൊതുമരാമത്ത് വകുപ്പിലോ രജിസ്റ്റർ ചെയ്ത പ്രകാരം അർഹതപ്പെട്ട കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ, പ്രവൃത്തിയുടെ പേരും നമ്പരും ആലേഖനം ചെയ്തിട്ടുള്ള മുദ്രവെച്ച കവറുകളിൽ രജിസ്റ്റേർഡ് തപാൽവഴി ക്ഷണിച്ചുകൊള്ളുന്നു. കൊറിയർ തപാലുകൾ സ്വീകരിക്കുന്നതല്ല. തപാൽ കാലതാമസങ്ങൾക്ക് വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ദർഘാസിന്റെ കാലാവധി അതു സ്വീകരിക്കുന്ന അവസാന തീയതി മുതൽ രണ്ടു മാസം വരെ ആയിരിക്കും.

| | | |
|---|---|---|
| കരാറുകാരന്റെ യോഗ്യത | : | ഡി ക്ലാസ്സും അതിനു മുകളിലും |
| ദർഘാസുകൾ വിൽക്കുന്ന തീയതിയും സമയവും | : | 18.02.2019 മുതൽ 20.02.2019 ഉച്ചയ്ക്ക് 1 മണി വരെ |
| ദർഘാസ് പ്രമാണങ്ങൾ ലഭിക്കേണ്ട അവസാന തിയതിയും സമയവും | : | 26.02.2019 വൈകുന്നേരം 3 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | : | 26.02.2019 വൈകുന്നേരം 3.30 മണി |

| ക്രമ നം. | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | ഉദ്ദേശം അടങ്കൽ തുക (രൂപ) | ഉദ്ദേശ നിരത ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) | പ്രവൃത്തിയുടെ കാലാവധി |
|---|---|---|---|---|---|---|
| 1. | AEE(B) 25/2018-19 | കെ.വൈ.ഐ.പി-എം.പി.എൽ. എ.ഡി.എസ്-2018-19- കക്കോടി ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ മൂരിക്കര സബ് ഡിസ്ട്രിബ്യൂട്ടറി കനാൽ ബണ്ടിൽ കക്കോടിമുക്ക്-ഊട്ടു കുളം റോഡിൽ കണ്ണാടിച്ചാൽ മുതൽ പാണ്ട്യാടത്ത് താഴം വരെ സൈഡ് റെയിൽ നിർമ്മാണം | 3,00,000/- | 7500/- | 600+ ജി.എസ്.ടി | 6 മാസം |
| 2 | AEE(B) 26/2018-19 | കെ.വൈ.ഐ.പി-വെള്ളപ്പൊക്ക കെടുതി-2018-മണിയൂർ ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 10/400 കി.മീ.നും 10/700 കി.മീ നും ഇടയിലുള്ള അണ്ടർ ടണൽ, സൂപ്പർ പാസേജ് എന്നിവ ബലപ്പെടുത്തലും കനാലിൽ ഇടിഞ്ഞ് വീണ മണ്ണ് നീക്കം ചെയ്യലും | 3,00,000/- | 7500/- | 600+ ജി.എസ്.ടി | 6 മാസം |

Scanned by CamScanner

| | | | | | | |
|---|---|---|---|---|---|---|
| 3 | AEE(B) 27/2018-19 | പുനർ ദർഘാസ് കെ.വൈ.ഐ.പി-എ.സി.പി 2018-19 കെ.വൈ.ഐ.പി സബ് ഡിവിഷൻ വടകരയുടെ കീഴി ലുള്ള കനാലുകൾ ജലവിത രണ സമയത്ത് കനാൽ വൃത്തി യാക്കുന്നതിനു തൊഴിലാളി കളെ ചുമതലപ്പെടുത്തൽ | 2,00,000/- | 5000/- | 500+ ജി.എസ്.ടി | 6 മാസം |

ദർഘാസ് പ്രമാണങ്ങൾ 18.02.2019 മുതൽ 20.02.2019 ഉച്ചക്ക് 1 മണി വരെ ഓഫീസ് സമയത്ത് ദർഘാസ് പ്രമാണത്തിന്റെ വില ഒടുക്കിയാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനുവേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

ദർഘാസുകൾ 26.02.2019 വൈകുന്നേരം 3 മണി വരെ മാത്രമെ സ്വീകരിക്കുകയുള്ളു. ദർഘാസുകൾ 26.02.2019 വൈകുന്നേരം 3.30 മണിക്ക് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ നിർദ്ദിഷ്ട ദർഘാസ് ദിവസം അവധി ആയാൽ അടുത്ത പ്രവൃത്തി ദിവസം ദർഘാസ് ദിവസമായി പരിഗണിക്കുന്നതാണ്.

ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. നിരതദ്രവ്യം കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് വടകര, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് അഥവാ ഏതെങ്കിലും അംഗീകൃത ബാങ്കിൽ (ഷെഡ്യൂൾഡ് ബാങ്ക് & നാഷണലൈസ്ഡ് ബാങ്ക്) നിക്ഷേപിച്ചതിന്റെ അസ്സൽ സർട്ടിഫിക്കറ്റ് ദർഘാസിന്റെ കൂടെ അടക്കം ചെയ്യേണ്ടതാണ്. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സർട്ടിഫി ക്കറ്റുകൾ സ്വീകരിക്കുന്നതല്ല. 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക ഉടമ്പടിയും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽപറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കേരള പൊതുമരാമത്ത് വകുപ്പിലേയും ജലസേചന വകുപ്പിലേയും ദർഘാസുകൾ സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്കുവേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് സബ് ഡിവിഷൻ
വടകര, ഫോൺ. 0496 2522697

പകർപ്പ്- 1).എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.വൈ.ഐ.പി ഡിവിഷൻ, പേരാമ്പ്രക്ക് അറിവിലേക്കായി സമർപ്പിക്കുന്നു.

2).അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.വൈ.ഐ.പി (O&M) സബ് ഡിവിഷൻ, പെരുവണ്ണാമൂഴി.

3). അസിസ്റ്റന്റ് എഞ്ചിനീയർ, കെ.വൈ.ഐ.പി സെക്ഷൻ I/III വടകര/ II പേരാമ്പ്ര, കെ.വൈ.ഐ.പി സെക്ഷൻ നമ്പർ I കക്കോടി

4). സെക്രട്ടറി, കക്കോടി ഗ്രാമ പഞ്ചായത്ത്

5). നോട്ടീസ് ബോർഡ്

6). ഐ.ടി.സെൽ(ഇമെയിൽ)

Scanned by CamScanner